## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3592 17.10.2011 -ൽ മറുപടിക്ക്**

### സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. നാണു: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | ജപ്പാൻജ്വരം, എലിപ്പനി, ഡങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ മരണസാധ്യതയുള്ള രോഗങ്ങൾ പിടിപെടുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)<br>&<br>(ബി) | ജപ്പാൻജ്വരം, എലിപ്പനി, ഡങ്കിപ്പനി, ചിക്കുൻഗുനിയ എന്നീ രോഗങ്ങൾക്കുള്ള അടിസ്ഥാന ചികിത്സാ സൗകര്യം സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. അടിയന്തിര സാഹചര്യം ഉണ്ടായാൽ ഇത്തരം രോഗികളെ മെഡിക്കൽ കോളേജിലേയ്ക്ക് റെഫർ ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. സാമ്പത്തികമായി പിന്നോക്കം നൽകുന്ന ആൾക്കാർക്ക് സൗജന്യമായാണ് സർക്കാർ ആശുപത്രികളിൽ ചികിത്സാ സംവിധാനം ഒരുക്കിയിരിക്കുന്നത്. |
| (ബി) | അപ്രകാരമുള്ളവരുടെ ചികിത്സാചെലവ് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ